# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4161** **16-12-2014 ലെ മറുപടിയ്ക്ക്**

## പരിയാരം മെഡിക്കൽ കോളേജിലെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ടി.വി.രാജേഷ്** | **ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജിലെ എത്ര രോഗികൾക്ക് ഇതുവരെ ചികിത്സാ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്; എത്ര രൂപയുടെ ചികിത്സാ ധനസഹായമാണ് ഇതുവരെ ഇവിടെ നൽകിയത്; ഇനി ഇവിടെ എത്ര രൂപ കുടിശ്ശികയുണ്ട്; വിശദാംശം നൽകുമോ; | (എ) കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം നാളിതുവരെ 5278 രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>61,56,63,419/- രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br>കുടിശ്ശികയായി 21,79,29,412/- രൂപ ഇനി നൽകാനുണ്ട്. |
| (ബി) ഐഡിയോപ്പതിക് ത്രോംബോസൈറ്റോപെനിക് പർപ്യൂറ (ഐ.റ്റി.പി.) പോലെയുള്ള ചികിത്സാചെലവ് കൂടിയ അസുഖങ്ങളെ കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>ഏതൊക്കെ അസുഖങ്ങളെയാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) ഐഡിയോപ്പതിക് ത്രോംബോ സൈറ്റോപെനിക് പർപ്യൂറ (ഐ.റ്റി.പി), കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടില്ല. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം; തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് നിലവിൽ ചികിത്സാ ധനസഹായം നല്കി വരുന്നത്. |

സെക്ഷൻ ഓഫീസർ.